# Malayala Manorama
# 25 August 2018
# Flood Relief Mission

ന്നുണ്ട്.

● ദുരന്ത മാനേജ്മെന്റ് പ്ലാനിൽ നയം പറയുന്നുണ്ടെങ്കിലും, വിദേശ സഹായം വേണ്ടെന്നതാണ് ഇപ്പോഴത്തെ നിലപാട്. അതുകൊണ്ടാണ്, സഹായ വാഗ്ദാനങ്ങളുണ്ടെന്നും അവ നേരിട്ടു സ്വീകരിക്കേണ്ടതില്ലെന്നുമാണു നിലപാടെന്നു വിദേശകാര്യ മന്ത്രാലയ വക്താവു രണ്ടു ദിവസം മുൻപ് ഔദ്യോഗികമായി പറഞ്ഞത്.

● കേരളത്തിലേക്കുള്ള സഹായം സംബന്ധിച്ച കാര്യങ്ങൾക്കായി സമിതി രൂപീകരിക്കുമെന്നു യുഎഇ വ്യക്തമാക്കിയിട്ടുണ്ട്. നേരിട്ട് ഇന്ത്യ സാമ്പത്തിക സഹായം സ്വീകരിക്കില്ലെന്ന് അവർക്കറിയാം. അതുകൊണ്ടുതന്നെ ബഹുരാഷ്ട്ര ദുരിതാശ്വാസ ഏജൻസികളിലൂടെ സഹായം ലഭ്യമാക്കാനാണു സാധ്യത. അതു നിരസിക്കാൻ ഇന്ത്യയ്ക്കു സാധിക്കുകയുമില്ല. ഫൗണ്ടേഷനുകളിലൂടെയും മറ്റും സഹായം നൽകുന്നതിനു തടസ്സമില്ലെന്നു സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്.



മലയാള മനോരമ

■ പ്രളയം സൃഷ്ടിച്ച കനത്ത നാശങ്ങളിലും പതറാതെ കേരളം ഇന്ന് ഓണം ആഘോഷിക്കുന്നു

■ ദുരിതാശ്വാസ കേന്ദ്രങ്ങളിൽ സദ്യയും ആഘോഷ പരിപാടികളും ഒരുക്കാൻ കൈകോർത്ത് നാട്



**കണ്ണീർക്കയത്തിൽ ഒരു കാരുണ്യത്തുമ്പ്:** വെള്ളപ്പൊക്കത്തിൽ ചെളിയും മണ്ണും കയറിയ ആലുവ തോട്ടക്കാട്ടുകരയിലെ വീട്ടിൽ ചന്ദ്രിക ചേറു മൂടിയ പാത്രങ്ങൾ കഴുകുമ്പോഴായിരുന്നു പിന്നിൽ നിന്ന് ചേച്ചീ എന്നൊരു വിളി..വിധവ പെൻഷനായ 4400 രൂപയുമായി സഹകരണ ബാങ്ക് ജീവനക്കാരൻ.പ്രളയ ദുരിതം കാരണം ഓണാഘോഷം ഇല്ലെങ്കിലും നാലുമാസത്തെ പെൻഷൻ തിരുവോണത്തലേന്ന് ലഭിച്ചതിന്റെ സന്തോഷത്തിലാണ് ചന്ദ്രിക.

ചിത്രം: ഇ വി ശ്രീകുമാർ ● മനോരമ